കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/1851/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 8-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

**mac.9/17**

നം. കെ.എസ്.എ.എം.പി.എം.15/1851/2017 തിയ്യതി:08-09-2017

**മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-11-2016 മുതൽ 25-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26-07-2017 മുതൽ 05-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ടി പി സൽമത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ആലസ്സൻകുട്ടി.യു | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ഫാത്തിമ പൊതുവാത്ത് | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി | 01.04.2016 മുതൽ 28.02.2017 വരെ |
| ശ്രീ.ജോൺ.ടി(ജെ.എസ്, സെക്രട്ടറി ഇൻ ചാർജ്) | 01.03.2017 മുതൽ 31.03.2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.മഞ്ജു | 01.04.2016 മുതൽ 19.01.2017 വരെ |
| | ശ്രീ.സാദിർ ഇബ്ബു കാസിം | 20.01.2017 മുതൽ 16.03.2017 വരെ |
| | ശ്രീ.രവിശങ്കർ.വി | 17.03.2017 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനിൽകുമാർ.ഡി | 01.04.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശരണ്യ.പി | 01.04.2016 മുതൽ 16.06.2016വരെ |
| | ശ്രീമതി.ഹണി. ഗംഗാധരൻ | 17.06.2016 മുതൽ 18.10.2016 വരെ |
| | ശ്രീമതി.സുആദ | 19.10.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രജിത.കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഗോപകുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷീജ.എം.കെ | 01.04.2016 മുതൽ 03.10.2016 വരെ |
| | ഡോ.ആസിഫ് ജാൻ | 04.10.2016 മുതൽ 02.01.2017 വരെ |
| | ഡോ.നഷ്റ. കെ.സി | 03.01.2017 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.സക്കീർ ഹുസൈൻ | 01.04.2016 മുതൽ 12.08.2016 വരെ |
| | ഡോ.സൗമ്യ. എൻ.പി | 13.08.2016 മുതൽ 18.02.2017 FN വരെ |
| | ഡോ.സ്മിത വിൽസൺ | 19.02.2017 AN മുതൽ 31.03.2017വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശ്രീരഞ്ജിനി | 01.04.2016 മുതൽ 31.03.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | വസ്തു നികുതി പിരിവ് അപാകതകൾ | 2-1 | |
| 13 | ബിൽഡിംഗ് പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ | 2-2 | |
| 14 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-3 | |
| 15 | D&O ലൈസൻസ് ഫീസ് പിരിവ് അപാകതകൾ | 2-4 | |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 16 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-1 | |
| 17 | സർക്കാർ അനുമതിയില്ലാതെ വികസന ഫണ്ടിൽ നിന്നുംകിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിക്ക് സംഭാവന നൽകി. | 3-2 | |
| 18 | പരിരക്ഷാ പദ്ധതിക്കായുള്ള ബ്ളോക്ക് പഞ്ചായത്തിന്റെ വിഹിതം - - ചെലവഴിച്ചതിൽ അവശേഷിക്കുന്ന തുക ബ്ളോക്ക് പഞ്ചായത്തിലേക്ക് തിരികെ നൽകേണ്ടതാണ് | 3-3 | |
| 19 | കാലാവധി കഴിഞ്ഞ നിക്ഷേപത്തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ് | 3-4 | |
| 20 | പത്താംക്ലാസ്/പ്ലസ് റ്റു തുല്യത – പ്രൊജക്ട് | 3-5 | |

| | | | |
|---|---|---|---|
| | നിർവ്വഹണത്തിലെ ന്യൂനതകൾ | | |
| 21 | വിദ്യാർത്ഥികൾക്ക് കലാ-കായിക പരിശീലനം - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ് | 3-6 | |
| 22 | പരിരക്ഷ പ്രൊജക്ട് - അപാകത സംബന്ധിച്ച് | 3-7 | |
| 23 | മരുന്നിന്റെ വില നൽകിയത് - മരുന്ന് ലഭിച്ചിട്ടില്ല. | 3-8 | |
| 24 | അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം വികസന ഫണ്ടിൽ നിന്ന് നൽകി | 3-9 | |
| 25 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-10 | |
| 26 | ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 3-11 | |
| 27 | പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമാക്കേണ്ടതാണ്. | 3-12 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 49 | Audit Certificate | 2 | |
| 50 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 51 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 52 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 10-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 30/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 3-08-2017 | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016- 17 വാർഷിക കണക്ക് പരിശോധനയിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.
.

1)എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)2015-16 വർഷ AFS പ്രകാരം പിരിച്ചെടുക്കാനുള്ള ഗാർഹിക വസ്തു നികുതി കുടിശ്ശിക

1,35,9485രൂപയായിരുന്നു(B-15) .

എന്നാൽ 2016-17 വർഷ AFS (RP43)പ്രകാരം പിരിച്ചെടുത്ത കുടിശ്ശിക 1278841 രൂപ. എന്നാൽ 2016-17 വർഷ AFS (B-15) പ്രകാരം ഇനിയും പിരിച്ചെടുക്കാനുള്ള കുടിശ്ശിക 170346രൂപയാണ്(വ്യത്യാസം=1359485-1278841=80644-170346=89702).

3)വസ്തുനികുതി മുൻവർഷങ്ങളിൽ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് Journal Entry നടത്തിയിട്ടില്ല.

4)സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കിയ ഗ്രാമ പഞ്ചായത്തിൽ 2013-14 വർഷത്തിനു മുമ്പുള്ള കുടിശ്ശിക മാന്വലായി ജനറേറ്റ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5)വർഷങ്ങളായി ഇടപാടുകൾ നടത്താത്തSSA,SGRY,TSCഎന്നീ അകൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

6)2015-16 വർഷ AFS പരിശോധനയിൽ സൂചിപ്പിച്ച ക്രമ നമ്പർ 1 ,3 അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23180650 |
| വരവ് | 47661011 |
| ആകെ | 70841661 |
| ചെലവ് | 45124475 |
| നീക്കിയിരിപ്പ് | 25717186 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കി യിരിപ്പ് R&P 40b പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9576206 | 9576206 | 8151576 | 1424630 | 85 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1149129 | 1149129 | 229129 | 920000 | 19 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 2241 | 0 | 100 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1863207 | 1863207 | 604130 | 1259077 | 32 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2650557 | 2650557 | 1183742 | 1466815 | 44 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5371123 | 5371123 | 1916278 | 3454845 | 35 | 0 |
| പെർഫോമൻസ് ഗ്രാന്റ് (State Share) | 0 | 739179 | 739179 | 0 | 739179 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് (central Share) | 0 | 2079788 | 2079788 | 1606536 | 473252 | 77 | 0 |
| NREGS | 949 | 7088292 | 7089241 | 7069286 | 0 | 99 | 19995 |
| B Fund | 0 | 24885680 | 24885680 | 24885680 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 109 | 30846550 | 63 | 16678199 | 3 | 43 | 58 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2692357 | 4329541 | 1637184 | +60 |
| നികുതിയേതര വരവുകൾ | 498966 | 2205024 | 1706058 | +341 |
| ആകെ | 3191323 | 6534565 | 3303472 | + |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 18960 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 661440 | 76 |
| വിധവാ പെൻഷൻ | 7001200 | 683 |
| വാർദ്ധക്യകാല പെൻഷൻ | 14717205 | 1291 |
| അംഗപരിമിതർക്കുള്ള പെൻഷൻ | 2316615 | 238 |
| വിവാഹ ധനസഹായം | 60000 | 2 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 75260 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.7.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2914 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/01/2017 | 12/2016 | 04/04/2017 |
| എ.ജി.ഓഡിറ്റ് | 22/07/2008 to 31/07/2008 | 2007-08 | 28/08/2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് അപാകതകൾ

പഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1)ടെലിക്കമ്യൂണിക്കേഷൻ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറന്റെ ഉടമസ്ഥരിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 203 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല.

| ടവർ | വർഷം | ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റ് ചെയ്ത ലൈബ്രറി സെസ് |
|---|---|---|---|
| റിലയൻസ്ഇൻഫോകോം ലിമിറ്റഡ്,02/80 | 2012-13 | 1728 | 87 |
| റിലയൻസ്ഇൻഫോകോം ലിമിറ്റഡ്,02/80 | 2013-14 | 6000 | 300 |
| റിലയൻസ്ഇൻഫോകോം ലിമിറ്റഡ്,02/80 | 2014-15 | 6000 | 300 |
| റിലയൻസ്ഇൻഫോകോം ലിമിറ്റഡ്,02/80 | 2015-16 | 6000 | 300 |
| റിലയൻസ്ഇൻഫോകോം ലിമിറ്റഡ്,02/80 | 2016-17 | 6000 | 300 |
| ആകെ | | 25,728 | 1287 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 /5-8-17 ന് മറുപടി നൽകിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമ പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെടും. ഗ്രാമ പഞ്ചായത്ത്/നഗരസഭ ടവറുകൾ സ്ഥിചെയ്യുന്ന വസ്തുവിന്റെ ഉടമയിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിന് പകരം ടവറുകൾ സ്ഥാപിക്കുന്നതിന് പെർമിറ്റ് നേടിയ ടെലിക്കമ്മ്യൂണിക്കേഷൻ കമ്പനികൾക്കാണ് ഡിമാന്റ് നോട്ടീസ് നൽകുന്നത്.മേൽ വിലാസങ്ങൾ ഇടയ്ക്കിടക്ക് മാറുന്ന ഇത്തരം സ്ഥാപനങ്ങൾക്കയക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വരുന്നതും പതിവാണ്.

ടവർ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ യഥാർത്ഥ ഉടമകളിൽ നിന്ന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത്

സംബന്ധിച്ചും നിയമപരമായി കാലഹരണപ്പെടുന്ന കാലയളവ് പോലും പരിഗണിക്കാതെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ ഡിമാന്റ് ചെയ്ത വസ്തു നികുതി മുഴുവനായും ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22-2-2017 ലെ R1-4780/16 നമ്പർ കത്ത് പ്രകാരം ഇൻഡസ് ടവേഴ്സ് മാനേജർക്ക് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 2 ടവറുകൾക്ക് 2013-14 വർഷം മുതൽ 2016-17 വർഷം വരെ 29,432 രൂപ വസ്തു നികതി,ലൈബ്രറി സെസ് ഇനത്തിൽ അടവാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ സ്ഥാപനം22,680 രൂപ മാത്രമാണ് 11603500093/28-02-2017 രശീതി പ്രകാരം അടവാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ടവർ/കെട്ടിട നമ്പർ | വർഷം | ഡിമാന്റ് ചെയ്ത വസ്തു നികുതി+ലൈബ്രറി സെസ് | ഈടാക്കിയവസ്തു നികുതി+ ലൈബ്രറി സെസ് | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | ലൈബ്രറി സെസ് ഈടാക്കി യതിൽ കുറവ് |
|---|---|---|---|---|---|
| ഇൻഡസ് ടവേഴ്സ് 10/64 | 2013-14 | 3215+161 | 0 | 3215 | 161 |
| ഇൻഡസ് ടവേഴ്സ് 10/65 | 2013-14 | 3215+161 | 0 | 3215 | 161 |
| ഇൻഡസ് ടവേഴ്സ് 10/64 | 2014-15 | 3600+180 | 3600+180 | 0 | 0 |
| ഇൻഡസ് ടവേഴ്സ് 10/65 | 2014-15 | 3600+180 | 3600+180 | 0 | 0 |
| ഇൻഡസ് ടവേഴ്സ് 10/64 | 2015-16 | 3600+180 | 3600+180 | 0 | 0 |
| ഇൻഡസ് ടവേഴ്സ് 10/65 | 2015-16 | 3600+180 | 3600+180 | 0 | 0 |
| ഇൻഡസ് ടവേഴ്സ് 10/64 | 2016-17 | 3600+180 | 3600+180 | 0 | 0 |
| ഇൻഡസ് ടവേഴ്സ് 10/65 | 2016-17 | 3600+180 | 3600+180 | 0 | 0 |
| | ആകെ | 28030+1402 =29432 | 21600+1080 =22680 | 6430 | 322 |

ഈ വിഷയം ഉന്നയിച്ച് നൻകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 /5-8-17 ന് മറുപടി നൽകിയിട്ടില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമ പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെടും.വസ്തുനികുതിയിനത്തിൽ

നഷ്ടമായ പ്രസ്തുതതുക 6430 രൂപ ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്.

3) നിർമ്മാണം പൂർത്തിയാക്കിയ അർദ്ധവർഷം കണക്കാക്കി വസ്തു നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന കെട്ടിട ഉടമസ്ഥനിൽ നിന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കിയില്ല.

| കെട്ടിട ഉടമ/അസസ് ചെയ്ത നികുതി | കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി/രശീതി നമ്പർ | കുറവ് PT. | കുറവ് LC. |
|---|---|---|---|---|---|
| ശ്രീ.അബൂബക്കർ (1569+79)16/25A | 23-1-17 | 2353+119 (2016-17 2nd half784+40+1569+79 2017-18) | 1569+79 Rt.No.117030100248/ 02.05.2017 | 784 | 40 |
| | | | ആകെ | 784 | 40 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 /5-8-17 ന് മറുപടി നൽകിയിട്ടില്ല. വസ്തുനികുതിയിനത്തിൽ നഷ്ടമായ പ്രസ്തുതതുക 784 രൂപ ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്.

## 2-2 ബിൽഡിം പെർമിറ്റ് ഫീസ് പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ബിൽഡിം പെർമിറ്റ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും 2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

1)പെർമിറ്റ്ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും അവയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായ പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

| കെട്ടിട ഉടമക | കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ്+GO(P)No.409/2014/Fin Dated 23-9-14 പ്രകാരമുള്ള ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീമതി.നദീറ | വാണിജ്യം | 253.06*5=1265+316(25%)=1581 | 1305 | 276 |

| | | | | |
|---|---|---|---|---|
| | 253.06 m2 | | Rt.No.11603103881/<br>3-12-16 | |
| ശ്രീമതി.കദീജ | വാസഗൃഹം,<br>477.22 m2 | 477.22m2*3=1432+<br>358(25%)=1790 | 1733<br>Rt.No.11603100810/<br>3-6-16 | 57 |
| | | | ആകെ | 333 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 14 /05-08-17ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവ് അപാകതകൾ

2016-17 വർഷ തൊഴിൽ നികുതി പരിശോധനയിൽ താഴെപ്പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങൾ1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

1)ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാർ റിട്ടേൺ സമർപ്പിക്കുകയോ അവരിൽ നിന്നും. തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല..

| സ്ഥാപനം | സ്ഥാപനം സമർപ്പിച്ച D&O ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജിവനക്കാരുടെ എണ്ണം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| സ്റ്റാർ ടെക് ഇൻഡസ്ട്രീസ് | 9 ജീവനക്കാർ | 2016-17 1st & 2nd |
| അദ്നാൻ അലൂമിനിയം കമ്പനി | 3ജീവനക്കാർ | 2016-17 1st &2nd |
| സാംകോ അപ്പോളിസ്റ്ററി കറുകത്താൽ | 3ജീവനക്കാർ | 2016-17 1st &2nd |
| ഹിറഹോളോബ്രിക്സ് കുറ്റിപ്പാല | 3ജീവനക്കാർ | 2016-17 1st &2nd |
| ടോട്ടൽ പ്രോജക്ട് &ഇൻഫ്രാസ്ട്രക്ച്ചർ കുറ്റിപ്പാല | 3ജീവനക്കാർ | 2016-17 1st &2nd |

| | | |
|---|---|---|
| മങ്ങാടൻട്രേടേഴ്സ് | 3ജീവനക്കാർ | 2016-17 1st &2nd |
| റോയൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ് | 8ജീവനക്കാർ | 2016-17 1st &2nd |

ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ2/3-8-17 ക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

2)സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലിചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റ്മാരായി ജോലിചെയ്യുന്ന ഗ്രാമ പഞ്ചായത്തിലെ പെരുമണ്ണക്ലാരി സർവ്വീസ് സഹകരണ ബാങ്ക്,തിരൂർ സഹകരണ അർബൻ ബാങ്ക്, എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.ഇത് സംബന്ധിച്ച് 26-09-2016 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡി-16 /12806/16 നമ്പർ കത്തിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ നിർദേശം പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ2/3-8-17 ക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

3)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| സ്റ്റാർ ടെക് ഇൻഡസ്ട്രീസ് | 2016-17 1st &2nd |
| അദ്നാൻ അലൂമിനിയം കമ്പനി | 2016-17 1st &2nd |
| സാംകോ അപ്പോളിസ്റ്ററി കറുകത്താൽ | 2016-17 1st &2nd |
| ഹിറഹോളോബ്രിക്സ് കുറ്റിപ്പാല | 2016-17 1st &2nd |
| ടോട്ടൽ പ്രോജക്റ്റ് &ഇൻഫ്രാസ്ട്രക്ച്ചർ കുറ്റിപ്പാല | 2016-17 1st &2nd |
| മങ്ങാടൻട്രേടേഴ്സ് | 2016-17 1st &2nd |
| റോയൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ് | 2016-17 1st &2nd |
| മെട്രോ ഏജൻസീസ് | 2016-17 1st &2nd |
| പൊൻകാസ് ഫുഡ്പ്രോഡക്റ്റ് | 2016-17 1st &2nd |
| ഹൈഗേജ് സ്റ്റീൽ ഇൻഡസ്ട്രീസ് | 2016-17 1st &2nd |
| പോപ്പുലർ ട്രേടിംഗ് കമ്പനി കറുകത്താണി | 2016-17 1st &2nd |
| ബൈക്കോ ഏജൻസീസ് | 2016-17 1st &2nd |
| അമാന ട്രേടിംഗ് കമ്പനി കോഴിച്ചെന | 2016-17 1st &2nd |
| അലങ്കാർ മാർക്കറ്റിംഗ് കോഴിച്ചെന | 2016-17 1st &2nd |
| പ്ലാനറ്റ് പ്ലേവുഡ്സ് | 2016-17 1st &2nd |
| മലബാർ ഐസ് ഫാക്ടറി | 2016-17 1st &2nd |

| | |
|---|---|
| യു.എസ്.മാർക്കറ്റിംഗ് | 2016-17 1st &2nd |
| എ.ടി ഇൻഡസ്ട്രീസ് | 2016-17 1st &2nd |
| ഫാസ് ടിസ്റ്റിബ്യൂഷൻ കമ്പനി | 2016-17 1st &2nd |
| യൂണിവേഴ്സൽ ഏജൻസീസ് കുറ്റിപ്പാല | 2016-17 1st &2nd |

ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ2/3-8-17 ക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 D&O ലൈസൻസ് ഫീസ് പിരിവ് അപാകതകൾ

D&O ലൈസൻസ് ഫീസ് പിരിവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

2)മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചു

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം12 3(ഡി)പ്രകാരം അഞ്ച് കുതിര ശക്തിയിൽ കവിയുന്ന യന്ത്രമുപയോഗിച്ചു കൊണ്ടും പരിസരമലിനീകരണം ഉണ്ടാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഇതര സ്ഥാപനങ്ങളുടെ പ്രത്യേക അനുമതി പത്രം ലഭ്യമാക്കേണ്ടതുണ്ട് . എന്നാൽ താഴെ പറയുന്നസ്ഥാപനങ്ങൾ ആയത് പാലിക്കുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ശ്രീമതി.സഫിയ9/296,297<br>(അലൂമിനിയ സർക്കിൾ നിർമ്മാണം)<br>(75HPമോട്ടോർ) |
| 2 | മാനേജിംഗ് ഡയറക്ടർ റോയൽഫർണ്ണിച്ചർ ഇൻഡസ്ട്രീസ് എടരിക്കോട്<br>(20HPമോട്ടോർ)5/281 |
| 3 | ശ്രീ.സുഹൈബ്,മലബാർ ഐസ് ഫാക്ടറി<br>(65 HPമോട്ടോർ)7/312 |

3)വിറ്റുവരവിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 233 ചട്ടം 7 പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അപേക്ഷ പ്രകാരമുള്ള | ഈടാക്കേണ്ട ലൈസൻസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|

| | വിറ്റുവരവ് | ഫീസ് | | |
|---|---|---|---|---|
| ശ്രീ.അബ്ദുൾഗഫൂർ.സിപി മെഹ്ജിൻ വെൻഞ്ചേഴ്സ് | 5000-10000 | 200 | 100 Rt.No.11603101474/ 6-8-16 | 100 |
| | | | ആകെ | 100 |

ഈ വിഷയം ഉന്നയിച്ച് നൽകിയഓഡിറ്റ് എൻക്വയറിനമ്പർ-3/3-8-17 ന് നൽകിയ മറുപടിയിൽ തുക ഇടാക്കുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കേണ്ടതാണ്.

4)യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം 17 പട്ടിക IIIപ്രകാരമുള്ള യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | യന്ത്രത്തിന്റെ കുതിര ശക്തി(മലിനീകരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീമതി.സഫിയ9/296,297 (അലൂമിനിയ സർക്കിൾ നിർമ്മാണം) | 60 HP | 1000 | 750 Rt.No.11503103401/ 29-2-16 | 250 |
| | | | ആകെ | 250 |

*ഈ വിഷയം ഉന്നയിച്ച് നൽകിയഓഡിറ്റ് എൻക്വയറിനമ്പർ-3/3-8-17 ന് നൽകിയ മറുപടിയിൽ തുക ഇടാക്കുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കേണ്ടതാണ്.*

*5)ബിലീറ്റഡ് ഫീസ് ഈടാക്കിയില്ല*

*D&O ലൈസൻസ്അപേക്ഷ വൈകി സമർപ്പിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രം ബിലീറ്റഡ് ഫീസ് ഈടാക്കിയില്ല*

| സ്ഥാപനം | അപേക്ഷ സമർപ്പിച്ച തിയതി | ഈടാക്കിയ ലൈസൻസ് ഫീസ് | *ഈടാക്കേണ്ട ബിലീറ്റഡ് ഫീസ്* |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ7/290C | 6-6-2016 | 300 Rt.No.11603100851 /6-6-16 | 300*25%=75 |
| ശ്രീ.സലീം.5/263 | 24-10-2016 | 600 Rt.No.1160310362 /24-10-16 | 600*25%=175 |
| ശ്രീ.കോയക്കുട്ടി.14/206 | 27-2-17 | 300 Rt.No.11603103550 | 300*25%=75 |

| | | | |
|---|---|---|---|
| | | /24-10-16 | |
| | | ആകെ | 300 |

ഈ വിഷയം ഉന്നയിച്ച് നൽകിയഓഡിറ്റ് എൻക്വയറിനമ്പർ-3/3-8-17 ന് നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾക്കായി ഓരോ പ്രൊജക്ടുകൾക്ക് നേരെയും പറഞ്ഞ തുകകൾ വിവിധ ഏജൻസികളിൽ അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക | പ്രൊജക്ട്/നമ്പർ | ഫണ്ട് |
|---|---|---|---|
| 21600804/10-2-17 | 29,000 | Addl. Share for PMAY Housing Scheme(SC), SO64/17 | |
| 21600815/15-2-17 | 1,16,800 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ വലിക്കൽ, SO103/17 | |
| 21600816/15-2-17 | 12,56,300 | " " | KLGSDP |
| 21600817/15-2-17 | 3,20,000 | Addl. Share for PMAY Housing Scheme(SC), SO57/17 | Plan(Gl) |
| 21600830/22-2-17 | 1,00,000 | Share to ABC Programme, SO81/17 | Plan(Gl) |
| 21500909/14-3-17 | 129 | IAY Share 2015-16(SC),SO011/17 | Plan(SCP) |
| 21600914/14-3-17 | 24,871 | " " | തനത്ഫണ്ട് |
| 21600911/14-3-17 | 3,00,000 | SSA Share. So21/17 | Plan(Gl) |
| 21600635//19-11-16 | 7,00,000 | " " | " |
| 21600744/10-1-17 | 11,000 | PMAYAddl/Share(SC), SO64/17 | തനത്ഫണ്ട് |
| ആകെ = | 28,58,100രൂപ | | |

മേൽ പ്രൊജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു

### 3-2 സർക്കാർ അനുമതിയില്ലാതെ വികസന ഫണ്ടിൽ നിന്നുംകിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിക്ക് സംഭാവന നൽകി.

"കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിക്ക് സംഭാവന" എന്ന പ്രൊജക്ട് പ്രകാരം(pr.No.So22/17) 201`6-17 വർഷത്തിൽ വികസന ഫണ്ടിൽ നിന്ന് 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്(Voucher No. 21600634, Date:22-11-16, നിർവ്വഹണം: സെക്രട്ടറി). വികസന ഫണ്ടിൽ നിന്നും ഈ ഇനത്തിൽ തുക ചെലവഴിക്കുന്നതിന് (2016-17 വർഷത്തിൽ) സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 2,00,000 തടസ്സം ചെയ്യുന്നു.

## 3-3 പരിരക്ഷാ പദ്ധതിക്കായുള്ള ബ്ളോക്ക് പഞ്ചായത്തിന്റെ വിഹിതം - - ചെലവഴിച്ചതിൽ അവശേഷിക്കുന്ന തുക ബ്ളോക്ക് പഞ്ചായത്തിലേക്ക് തിരികെ നൽകേണ്ടതാണ്

വിവിധ പ്രൊജക്ടുകളിൽ ജില്ലാ പഞ്ചായത്ത്/ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാ.പ.ന് മുൻ വർഷങ്ങളിൽ നൽകിയിരുന്ന തുകകളിൽ പദ്ധതി പൂർത്തീകരണത്തിന് ശേഷം അവശേഷിച്ചിരുന്ന 6,96,176 രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നത് അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകാൻ 2013-14, 2014-15 വർഷ ഓഡിറ്റ്റിപ്പോർട്ടിലെ ഖണ്ഡിക 3(6) ൽ പരാമർശിച്ചിരുന്നു. ആയത് പ്രകാരം 2016-17 വർഷത്തിൽ 6,00,000 രൂപ ജില്ലാ പഞ്ചായത്തിലേക്ക് തിരികെ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾചുവടെ ചേർക്കുന്നു.

| വൗച്ചർനമ്പർ/തീയതി | തുക |
|---|---|
| 21600844/27-2-17 | 1,00,000 |
| 21600845/27-2-17 | 4,00,000 |
| 21600844627-2-17 | 1,00,000 |

മേൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരമുള്ള തുകകളിൽ 96,176രൂപ ഇനിയും തനത് ഫണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. ടി തുക പരിരക്ഷാ പദ്ധതിക്കുള്ള ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി താനൂർ ബ്ളോക്ക് പഞ്ചായത്ത് ഗ്രാ.പ.ന് നൽകിയ തുകയിൽ അവശേഷിക്കുന്ന തുകയാണ്. ആയത് താനൂർ ബ്ളോക്ക് പഞ്ചായത്തിലേക്ക് തിരികെ നൽകേണ്ടതാണ്.

## 3-4 കാലാവധി കഴിഞ്ഞ നിക്ഷേപത്തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്

നിക്ഷേപ രജിസ്റ്റർ പരിശോധിച്ചതിൽ 31-3-17 തീയതിയിൽ വിവിധ ഇനങ്ങളിലായി 1,78,471 രൂപ നിക്ഷേപമായി അവശേഷിക്കുന്നതായി കാണുന്നു.ടി തുകയിൽ 1,77,671 രൂപയും 31-3-14 ന് മുമ്പ് നിക്ഷേപിച്ചതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Contractor's EMD | 1,17,905 |
| Supplier's EMD | 5,340 |
| Contractor's Security Deposit | 31,865 |
| Supplier's Security Deposit | 21,361 |
| OtherDeposits | 1,200 |
| ആകെ | 1,77,671 രൂപ |

കാലാവധി കഴിഞ്ഞ മേൽ തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

## 3-5 പത്താംക്ലാസ്/പ്ലസ് റ്റു തുല്യത – പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം : 68/17

അടങ്കൽ : 41250.00 പ്ലാൻ

41250.00 ഗ്ര.വി

ചെലവ് : 27000.00 എം.ജി (റോഡിതരം)

ബിൽ നം.2/18.3.17

27000.00 ഗ്ര.വി

ചെക്ക് നം.1428635/23.3.17

നിർവ്വഹണം : പ്രധാന അദ്ധ്യാപകൻ

36 ഗുണഭോക്താക്കൾക്ക് പത്താം തരം തുല്യതാ പരീക്ഷ എഴുതുന്നതിനുവേണ്ടി മേൽപ്പറഞ്ഞ വിധം ആകെ 54000.00 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) മേൽപ്പറഞ്ഞ പ്രകാരം അടവാക്കിയ തുകകൾക്ക് കൈപ്പറ്റ് രസീതി ലഭിച്ചിട്ടില്ല.

2) 36 ഗുണഭോക്താക്കളുടെ പട്ടിക വൌച്ചറിനൊപ്പം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ അർഹത വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

3) ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ വിവരം വ്യക്തമാക്കുന്ന രേഖകൾ, 54000.00 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 54000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-6 വിദ്യാർത്ഥികൾക്ക് കലാ-കായിക പരിശീലനം - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നമ്പർ : 62/17

അടങ്കൽ : 30000/- രൂപ പ്ലാൻ (ജനറൽ)

ചെലവ് : 30000/- രൂപ. ബിൽ നമ്പർ 1/25.1.17

നിർവ്വഹണം : പ്രധാന അധ്യാപകൻ

വിദ്യാർത്ഥികൾക്ക് 1.12.16, 2.12.16 തീയ്യതികളിൽ സ്പോർട്സ് പരിശീലനവും, 4.1.17മുതൽ 6.1.17 തീയ്യതികളില് നാടക പരിശീലനവും നൽകുന്നതിനായി ഈ പ്രൊജക്ടു പ്രകാരം മേൽപ്പറഞ്ഞ ട്രഷറി ബിൽ അനുസരിച്ച് തുക ചെലവ് ചെയ്തിട്ടുണ്ട്. സ.ഉ (എം.എസ്)4/2016 തീയ്യതി.1.1.16 പ്രകാരം പുറപ്പെടുവിച്ച 12 ആം പദ്ധതി മാർഗ്ഗരേഖയിലെ (വിദ്യാഭ്യാസം) ഖണ്ഡിക III അനുസരിച്ച് കുട്ടികളുടെ സർഗ്ഗാത്മക ശേഷി ഉയർത്തുന്നതിനുള്ള പരിപാടികൾ എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കേണ്ടത്. ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് ഈ പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത്.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.8/3.8.17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി തന്നിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 30000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 3-7 പരിരക്ഷ പ്രൊജക്ട് - അപാകത സംബന്ധിച്ച്

പ്രൊജക്ട് നം : 49/17

അടങ്കൽ : 340000.00 പ്ലാൻ

120000.00 തനത്

ചെലവ് : 262667.00

ബിൽ നം.2/28.2.17

10000.00

ബിൽ നം.5/28.3.17

51100.00 തനത്

ചെക്ക് നം.693222/23.9.16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രൊജക്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. മരുന്ന് ലഭിച്ചിട്ടില്ല :- പരിരക്ഷ രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ട്രഷറി ബിൽ നമ്പർ 2/28.2.17 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 158249/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ, പ്രൊഫോർമ ഇൻവോയ്സ് നം.3565/15.3.17 ന്റെ അടിസ്ഥാനത്തിൽ, അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ചെലവ് തുക 158249/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2. ഗൃഹ സന്ദർശനം ഇല്ലാത്ത ദിവസം ടാക്സിചാർജ് അനുവദിച്ചു :- പി.എച്ച്.സി യുടെ വാഹനം ലഭ്യമല്ലാത്തപ്പോൾ ദിവസ വാടക 900.00 രൂപ നൽകി പ്രൈവറ്റ് ടാക്സി വിളിച്ചാണ് ഗൃഹ സന്ദർശനം നടത്തുന്നത്. ഇതിന്റെ വൌച്ചറുകൾ പരിശോധിച്ചപ്പോൾ ഗൃഹ സന്ദർശന രജിസ്റ്റർ പ്രകാരം ഗൃഹ സന്ദർശനം ഇല്ലാത്ത 9.3.17, 18.3.17 ദിവസങ്ങളിലും ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ 900.00 രൂപ വീതം വാടക ട്രഷറി ബിൽ നമ്പർ 2/28.2.17 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും നൽകിയിട്ടുണ്ട് എന്ന് കണ്ടു. ഇപ്രകാരം ചെലവഴിച്ച 1800/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

3. പി.എച്ച്.സി വാഹനം ലഭ്യമായ ദിവസങ്ങളിൽ ടാക്സി വാടകക്കെടുത്തു :-

പി.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം 2.5.16, 27.5.16, 8.7.16, 23.7.16, 26.7.16, 30.11.16, 5.12.16, 21.1.17, 24.1.17, 8.2.17, 13.2.17, 14.2.17, 27.2.17 ദിവസങ്ങളിൽ പ്രസ്തുത വാഹനം പി.എച്ച്.സി യിൽ ട്രിപ്പുകൾ ഒന്നും ഓടാതെ നിൽക്കുകയായിരുന്നു. എന്നാൽ, എന്നിട്ടും ഈ ദിവസങ്ങളിൽ പരിരക്ഷ ആവശ്യാർത്ഥം പ്രൈവറ്റ് ടാക്സി 900.00 രൂപ നിരക്കിൽ ദിവസ വാടകക്ക് വിളിച്ചിട്ടുണ്ട്. സ്വന്തം വാഹനം ലഭ്യമായിരുന്നിട്ടും വാഹനം വാടകക്കെടുത്തതിന് കാരണം വ്യക്തമല്ല. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

4. ഗൃഹ സന്ദർശനം നടത്തിയത് - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത :-

പാലിയേറ്റീവ് കെയറിന്റെ ഭാഗമായി നടത്തുന്ന ഗൃഹ സന്ദർശനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (സ.ഉ(ആർ.ടി)3217/2015/ത.സ്വ.ഭ.വ തീയ്യതി.29.10.15 ഖണ്ഡിക.2.6.3(5) പ്രകാരം സൂക്ഷിക്കുന്നത്) അനുസരിച്ച് 8.3.17 ന് ഗൃഹ സന്ദർശനം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസം പി.എച്ച്.സി യുടെ വാഹനമോ, വാടകക്കെടുത്ത ടാക്സിയോ ഈ ആവശ്യത്തിനായി ഓടിയിട്ടില്ല. വാഹനം ഉപയോഗിക്കാതെ ഗൃഹ സന്ദർശനം സാധ്യമല്ലാത്തതിനാൽ, 8.3.17 ൽ ഗൃഹ സന്ദർശനം നടത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം 9/3.8.17 പ്രകാരം വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

## 3-8 മരുന്നിന്റെ വില നൽകിയത് - മരുന്ന് ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറഞ്ഞ പ്രൊജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് കെ.എം.എസ്.സി എല്ലിൽ പണം അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

| പ്രൊജക്ട് | ചെലവ് | മറ്റ് വിവരങ്ങൾ |
|---|---|---|
| പ്രൊജക്ട് നം:151/17<br>പേര് : പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ : 1.5 ലക്ഷം. എം.ജി(എൻ.ആർ) | ട്രഷറി ബിൽ നം.4/28.3.17<br>150000/-രൂപ | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF3566/15.3.17 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി. |

മരുന്ന് ലഭ്യമാകാത്തസാഹചര്യത്തിൽ ചെലവ് തുക 150000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കി തടസ്സം പരിഹരിക്കേണ്ടതാണ്.

## 3-9 അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം വികസന ഫണ്ടിൽ നിന്ന് നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 ൽ നടപ്പിലാക്കിയ "അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം" എന്ന പ്രൊജക്ട് പ്രകാരം(No. ) തൻ വർഷത്തിൽ ആകെ 10,54,313 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . സ.ഉ(സാധാ)നം.636/2016 /LSGD,തീ:16-2-16,സ.ഉ(എം.എസ് )നം.21/16/സാ.നീ.വ തീ:25-2-16എന്നിവ പ്രകാരം അംഗൻവാടി ജീവനക്കാർക്ക് അധിക വേതനമായി നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.ആയത് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ ടി ഇനത്തിലുള്ള തുക വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മേൽ ആവശ്യത്തിന് തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടില്ല.കൂടാതെ,31-3-17 തീയതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 66,16,838 രൂപ അവശേഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച പ്രകാരം ചെലവഴിച്ച 10,54,313 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ടി പ്രവൃത്തിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

ആയുർവ്വദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽനമ്പർ/ തിയതി | അപാകതകൾ |
|---|---|---|---|
| പ്രോജക്ട് നമ്പർ.So39/17.<br>ആയുർവ്വദആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ-4,00000( MG Non | 4,00000 | 1/16-17/ 17- 12-16 | മരുന്ന് വാങ്ങുന്നതിനായി 4,00000 രൂപഔഷധിക്ക് കൈമാറിയിട്ടുണ്ടങ്കിലും 2,89,688 രൂപക്കുള്ള |

| | | | |
|---|---|---|---|
| Road) | | | മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.1,10,312 രൂപക്കുള്ള മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്ട് നമ്പർ.63/17. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ. അടങ്കൽ-1,50.000 (MG Non Road) | 1,50.000 | 2/16-1 /17-12-16 | മരുന്ന് വാങ്ങുന്നതിനായി 1,50,000 രൂപ കേരള സംസ്ഥാന ഹോമിയോപതിക് സഹകരണ ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. |
| | | ആകെ | 5,50,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-4/03-08-17ക്ക്നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.മരുന്ന് ലഭ്യമാക്കുന്നത് വരെ260312(110312+150000)രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം.97/2015 ആയി നിർവ്വഹണം നടത്തിയ അംഗനവാടി നിർമ്മാണം എന്ന പ്രൊജക്ടിന്റെ 810000.00 രൂപ മൂല്യം വരുന്ന ഫസ്റ്റ് ആന്റ് ഫൈനൽ ബിൽ അംഗീകരിച്ച്, പ്രൊജക്ടിന് പ്ലാൻ ഫണ്ട് ഇനത്തിൽ വകയിരുത്തിയ 122000.00 രൂപയിൽ നിന്നും 61132.00 രൂപ നികുതികൾ/ക്ഷേമ നിധി വിഹിതം എന്നിവ കുറവ് വരുത്തി ബാക്കി 60868.00 രൂപ ട്രഷറി ബിൽ നമ്പർ 25/15-16 പ്രകാരംഅനുവദിച്ചിട്ടുണ്ട്. ഈ പ്രൊജക്ട് തൻ വർഷം പ്രൊജക്ട് നമ്പർ 11/16-17 ആയി കൊണ്ടുവരികയും, നബാർഡ് ഫണ്ട് ഇനത്തിൽ അനുവദിക്കാൻ അവശേഷിച്ച 688000.00 രൂപ (സെക്രട്ടറി-വൗച്ചർ നമ്പർ21600636/22-11-16)കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ, എം.ബുക്ക്, ബില്ല്, മറ്റ് ചെലവ് രേഖകൾ എന്നി ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ, ഈ വീഴ്ച്ചക്ക് അടിയന്തിരമായി വിശദീകരണം നൽകേണ്ടതും, രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 688000രൂപ തടസ്സം ചെയ്യുന്നു.

## 3-12 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമാക്കേണ്ടതാണ്.

പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികളെ സംബന്ധിച്ച പൂർണ്ണമായ വിവരം പഞ്ചായത്തിന്റെ കൈവശം ഇല്ല. അതിനാൽ സ്വകാര്യ വ്യക്തികൾ പുറമ്പോക്ക് കയ്യേറുന്ന അവസരങ്ങളിൽ നിയമ പരമായ നടപടികൾ

സ്വീകരിച്ച് അവ ഒഴിപ്പിച്ചെടുക്കുന്നതിന് പഞ്ചായത്തിന് സാധ്യമാകാതെ പോകുന്നുണ്ട്. ഉദാഹരണത്തിന് തിരൂർ താലൂക്ക്, പെരുമണ്ണ വില്ലേജ്, ക്ലാരി ദേശത്ത് റിസർവ്വെ നമ്പർ 158 ലെ റോഡ് പുറമ്പോക്കായ (ടിപ്പു സുൽത്താൻ റോഡ്) 2.13 ആർ സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയ വിവരം അഡീഷണൽ തഹസിൽദാർ, തിരൂർ 20.12.16 ലെ സി.2/13687/2013 നമ്പർ കത്ത് മുഖേനെ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോളാണ് പ്രസ്തുത കയ്യേറ്റത്തെക്കുറിച്ച് പഞ്ചായത്ത് അറിഞ്ഞതും അത് ഒഴിപ്പിക്കുന്നതിന് നിയമ നടപടി സ്വീകരിച്ചതും (കേസ് ഫയൽ നം.ഡബ്ല്യു.പി(സി)നം.11532/17 കാണുക). അഡീഷണൽ തഹസിൽദാർ അറിയിച്ചിരുന്നില്ലെങ്കിൽ ലക്ഷങ്ങൾ വിലമതിക്കുന്ന, പഞ്ചായത്തിന് ഭാവി വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കാനാകുന്ന, 5.26 സെന്റ് ഭൂമി സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ആകുന്ന സാഹചര്യം ഉണ്ടാകുമായിരുന്നു. ഇതു പോലുള്ള പുറമ്പോക്ക് ഭൂമികൾ ഇനിയും ഉണ്ടെന്നും, ആയത് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും 2(1)/10.7.2017 നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ, റോഡ് അളന്ന് തിട്ടപ്പെടുത്തി പുറമ്പോക്ക് കയ്യേറ്റമുണ്ടെങ്കിൽ കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറി 13.6.17ലെ ഇ2/4829/2016 നമ്പർ കത്ത് മുഖേനെ തിരൂർ അഡീഷണൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുറമ്പോക്ക് ഭൂമി സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിൽ നിന്നും പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികളെ സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കിയും, പഞ്ചായത്തിലെ പുറമ്പോക്കുകളെ സംബന്ധിച്ചും പൊതു സ്ഥലങ്ങളെ സംബന്ധിച്ചുമുള്ള വിവരശേഖരം പഞ്ചായത്ത് മെമ്പർമാർ മുഖേനെ നടത്തിയും, മാതൃ പഞ്ചായത്തുകളിൽ നിന്നും ഈ പഞ്ചായത്തിൽ ഉൾപ്പെട്ട പുറമ്പോക്കുകളുടെ വിവരം ശേഖരിച്ചും പഞ്ചായത്തിലെ പുറമ്പോക്കുകളെ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 45000 | 52/17 – പാടശേഖര സമിതിക്ക് പച്ചക്കറി തൈ,വിത്ത്,വളം,വിതരണം | 45000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവ്‌വിളക്ക് സ്ഥാപിക്കൽ | 21601034/ 31-3-17 | 1599975 | 0 | 1599975 |

0

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 2,00,000 |
| ആകെ | 2,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| 7707999028-B/23-3-17State Bank Of India Edarikkode | 2,00,000 |
| ആകെ | 2,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12,12-13 | 2(1) | 9500 | അഷ്റഫ്പാറയിൽ. സ്ഥാപന ഉടമസ്ഥൻ | 116003101100/23-06-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47661011 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45124475 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7214 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4398661 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-(2) | 6430 | -- | ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി. സെക്രട്ടറി |
| 2-1-(3) | 784 | | ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി. സെക്രട്ടറി |
| 3-7 | | 1800 | ഡോ. നഷ്റ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2533100 | ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി. സെക്രട്ടറി |
| | 325000 | ,ശ്രീ.ജോൺ.ടി.ജൂനിയർസൂപ്രണ്ട് |
| 3-2 | 200000 | ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി. സെക്രട്ടറി |
| 3-5 | 54000 | ശ്രീമതി.ശ്രീരഞ്ജിനി.ഹെഡ് മിസ്ട്രസ് |
| 3-6 | 30000 | ശ്രീമതി.ശ്രീരഞ്ജിനി.ഹെഡ് മിസ്ട്രസ് |
| 3-7 | 158249 | ഡോ. നഷ്റ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-8 | 150000 | ഡോ. നഷ്റ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-10 | 260312 | ഡോ.ഗോപകുമാർ മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 3-11 | 688000 | ശ്രീമതി. മഞ്ജു.അസി.എഞ്ചിനിയർ |
| ആകെ | 4398661 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 322+40=362 | ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി. സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരുംഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗോപാലകൃഷ്ണൻ നാഗേരി. സെക്രട്ടറി | വിരമിച്ച | സൂര്യകാന്തം, കാട്ടിലങ്ങാടി,താനൂർ പിൻ-676302 |
| ഡോ.നഷ്റ.കെ.സി മെഡിക്കൽഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പെരുമണ്ണക്ലാരി | കുന്നത്ത്പറമ്പിൽ വീട്, പി.ഒ.കുറുക, |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 | |
| 2002-03 | എൽ.എഫ്.എം.11/47/07/16-6-2008 | 10 | |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 10 | |
| 2004-05 | എൽ.എഫ്.എം.11/2213/08/20-1-2009 | 7 | |
| 2005-06 | എൽ.എഫ്.എം.18/786/10/14-09-10 /21-02-11 | 11 | |
| 2006-07 | എൽ.എഫ്.എം.18/787/10/14-9-10 /21-2-2011 | 2 | |
| 2007-08 | എൽ.എഫ്.എം.3/1250/10/8-11-2010 | 8 | |
| 2008-09 മുതൽ2010-11വരെ | എൽ.എഫ്.15/1874/12/23-8-12 /6-10-12 | 17 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.15/7/2016 Dtd. 16.02.2016 | 10 | |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.15/2014/2016 Dtd. 3.8.2016 | 6 | |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3213/2016 Dtd. 28.1.2017 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.9/17

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം .15/1851/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 08-09-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM.15/1851/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:08-09-2017

Certified that I have audited the Annual Financial Statement of Perumanna Clari Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Perumanna Clari Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure..

Deputy Director
State Audit Department
Malappuram

mac9/17